**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3412** **14-07-2022 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറിയിൽ 18 വർഷമായി ജോലി ചെയ്യുകയും 12 വർഷമായി കാഷ്വൽ ജീവനക്കാരായി ജോലി നോക്കുകയും ചെയ്യുന്ന 22 പേരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ആയതിന് എന്തെങ്കിലും തടസ്സം ഉണ്ടോ ; എങ്കിൽ അത് പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ; | (എ) | സ്ഥിരം തൊഴിലാളികളുടെ ഒഴിവ് വരുന്ന മുറയ്ക്കാണ് കാഷ്വൽ തൊഴിലാളികളെ സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്ഥിര നിയമനം നൽകാറുള്ളത്. കരുനാഗപ്പള്ളി സ്റ്റേറ്റ് കോക്കനട്ട് നേഴ്സറിയിൽ നിലവിൽ സ്ഥിരം തൊഴിലാളിയുടെ ഒരു ഒഴിവ് മാത്രമാണ് ഉള്ളത്. |
| (ബി) | പ്രസ്തുത ജീവനക്കാരെ അഞ്ചൽ ജില്ലാ കൃഷി ഫാമിലേക്ക് മാറ്റി നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ? | (ബി) | കരുനാഗപ്പള്ളി സ്റ്റേറ്റ് കോക്കനട്ട് നഴ്സറിയിൽ ജോലി ചെയ്തുവരുന്ന കാഷ്വൽ തൊഴിലാളികളെ അഞ്ചൽ ജില്ലാ കൃഷി ഫാമിലേക്ക് സ്ഥലം മാറ്റുന്ന വിഷയം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്. എന്നാൽ അഞ്ചൽ ജില്ലാ കൃഷി ഫാമിലെ നിലവിലുള്ള ഒഴിവിലേക്ക് കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിക്കുന്നതിന് കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് ആഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരം ബഹു. കോടതിയെയും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ